## സിമ്പോസിയം

# ശരീഅത്തും ഭേദഗതിയും

തായാട്ട് ശങ്കരൻ

ശരീഅത്ത് ഭേദഗതിയെക്കുറിച്ചു ചർച്ച ചെയ്യുന്നതിനുമുമ്പ് ഇത്തരം ഒരു ചർച്ച പ്രസക്തമാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്. ഹിന്ദുക്കൾ അവരുടെ വേദഗ്രന്ഥമായി കണക്കാക്കുന്നത് ഋഗ്വേദം തുടങ്ങിയ നാലു വേദങ്ങളെയാണ്. ഇത് അപൗരുഷേയം (മനുഷ്യനിർമിതമല്ലാത്തത്) ആണെന്നത്രെ അവരുടെ വിശ്വാസം. ഈശ്വരമുഖത്തുനിന്നു നേരിട്ടു ആവിർഭവിച്ചതാണ്. അതേപോലെ ഖുർആനെക്കുറിച്ചും ഇതേ വിശ്വാസം മുസ്‌ലിംകൾ പുലർത്തിപ്പോരുന്നു. ഈശ്വരൻ എക്കാലത്തേക്കുമുള്ള മനുഷ്യർക്കുവേണ്ടി നിർമിച്ചതാണ് അത് എന്നാണ് ആ വിശ്വാസക്കാർ കരുതുന്നത്. ഈ ലേഖകനാവട്ടെ ഇത്തരം വിശ്വാസങ്ങളെ അംഗീകരിക്കുന്നില്ല. അതതുകാലത്ത് നിലവിലുള്ള സാമൂഹികസ്ഥിതിയെ കണക്കിലെടുത്ത് അതിനെ മുന്നോട്ടുനയിക്കാൻ പ്രതിഭാശാലികളായ ആചാര്യന്മാർ നൽകുന്ന സന്ദേശങ്ങളാണ് അവ എന്നത്രെ എന്റെ ധാരണ. ഇക്കാര്യത്തിൽ മഹാത്മാഗാന്ധിയുടെ അഭിപ്രായമാണ് എനിക്ക് സ്വീകാര്യമായിതോന്നിയിട്ടുള്ളത്. അദ്ദേഹം പറഞ്ഞു: “എല്ലാ മതഗ്രന്ഥങ്ങളും പ്രചോദനമുൾക്കൊണ്ടു രചിക്കപ്പെട്ടവയാണ് (Inspired Writing). അവയിൽ ശരിയെന്നതുപോലെ തെറ്റുമുണ്ട്.” ഈ നിലപാട് അംഗീകരിച്ചു കൊണ്ടല്ലാതെ ശരീഅത്ത് ഭേദഗതിയെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു പ്രസക്തിയില്ല. ശരീഅത്ത് നിയമം ഭേദഗതി ചെയ്യാൻ നമുക്കു സാധിക്കും; ഭേദഗതി നടപ്പിലാക്കാനും സാധിക്കും. ഈശ്വരനിർമിതമാണ് അതെങ്കിൽ നമുക്കതു ഭേദഗതി ചെയ്യാൻ സാധിക്കുന്നതെങ്ങനെ? നാം ഈശ്വരനേക്കാൾ ശക്തരായതുകൊണ്ടാണോ! സ്വർഗത്തിലെ നിയമം ഭേദഗതി ചെയ്യാൻ നമുക്കു കഴിവില്ലായിരിക്കും. പക്ഷേ ഭൂമിയിലെ സാമൂഹികനിയമം ഭേദഗതി ചെയ്യാൻ നമുക്കു കഴിയും. അതിനുള്ള വിവേകം നമുക്കുണ്ട്. അതുപയോഗിച്ച്, നമുക്കു ക്ഷേമകരമെന്നു തോന്നുന്ന നിയമം നിർമിക്കാനും അല്ലാത്ത നിയമം റദ്ദുചെയ്യാനും നമുക്കു കഴിയും. ഈ കഴിവ് ശരീഅത്തിന്റെ കാര്യത്തിലും ഉപയോഗപ്പെടുത്തിയേ തീരൂ എന്നതാണ് എന്റെ അടിസ്ഥാന സമീപനം.

ഞാനൊരു ശരീഅത്തു പണ്ഡിതനല്ല. വാസ്തവത്തിൽ ശരീഅത്ത് എനിക്കൊരു പ്രശ്നമായി അനുഭവപ്പെടുന്നതു തന്നെ, സാമാന്യ നീതിയെക്കുറിച്ചുള്ള എന്റെ ധാരണയും ശരീഅത്തിന്റെ പേരിലുള്ള ചില നടപടികളും പൊരുത്തപ്പെട്ടുപോകുന്നില്ല എന്ന വസ്തുതയിൽ നിന്നാണ്. അങ്ങനെ പൊരുത്തപ്പെടായ്ക സംഭവിക്കുമ്പോൾ സാമാന്യ നീതിയുടെ പക്ഷം ചേർന്നു നിൽക്കുന്നതാണ് ശരി എന്നെനിക്കു തോന്നുന്നു. ഇന്ത്യയിൽ ശരീഅത്ത് നിയമം നടപ്പിലില്ല എന്നും ആ സ്ഥാനത്ത് നടപ്പിലുള്ളത് മുഹമ്മദൻ ലോ ആണെന്നും പറയുന്നു. ഇന്ത്യയിൽ എന്നല്ല ലോകത്തിൽ ഒരിടത്തും ശരീഅത്തു നിയമം നടപ്പിലില്ല എന്നാണ് ഞാൻ മനസ്സിലാക്കി വെച്ചിട്ടുള്ളത്. ഹമ്മുറാബി, മനു, മോസസ്സ് തുടങ്ങിയ നിയമദാതാക്കളും റോമൻ നിയമസംഹിതയും ശരീഅത്തും എല്ലാം വെച്ച്, ഓരോ രാജ്യവും അവരവർക്കാവശ്യമായ നിയമം ഉണ്ടാക്കുകയാണ് ചെയ്തത് എന്നാണ് എന്റെ ധാരണ. ചില രാജ്യങ്ങളിലെ നിയമങ്ങളിൽ ചില ചില അംശങ്ങൾ കൂടുതൽ ഉണ്ടായെന്നുവരും.

ശരീഅത്തിന്റെ പേരിൽ ഇന്നു കേരളത്തിൽ വിവാദ വിഷയമായിത്തീർന്നിട്ടുള്ള രണ്ടു പ്രശ്നങ്ങൾ മാത്രം ഇവിടെ പരാമർശിക്കാം. ഒന്ന് ബഹുഭാര്യത്വവും വിവാഹമോചന സമ്പ്രദായവുമാണ്. മറ്റൊന്ന് കുടുംബത്തിലെ സ്ത്രീയുടെ സ്വത്തവകാശ കാര്യമാണ്.

മനുഷ്യസമൂഹത്തിന്റെ വളർച്ചയിൽ ഏതുഘട്ടത്തിലാണെന്ന് നിശ്ചയമില്ല, സ്ത്രീ പിൻതള്ളപ്പെടുകയും പുരുഷൻ അവളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. പ്രകൃതിയിൽ ചുറ്റും നോക്കിയാൽ മനുഷ്യ ജീവിയിൽ മാത്രമേ ഈ വൈകൃതം കാണുകയുള്ളൂ. പൂവൻകോഴിക്കു പിടയുടെ മേൽ യാതൊരാധിപത്യവും ഇല്ല. പിടിയാനയുടെമേൽ കൊമ്പനും പെൺസിംഹത്തിന്റെ മേൽ ആൺസിംഹത്തിനും ആധിപത്യമില്ല. മനുഷ്യനിൽ മാത്രം മറിച്ചെങ്ങനെ സംഭവിച്ചു? സ്വകാര്യസ്വത്ത് സമ്പ്രദായം നിലവിൽവരികയും കുടുംബമെന്ന സങ്കൽപത്തെ ആധാരമാക്കി കൂട്ടുജീവിതം ആരംഭിക്കുകയും ചെയ്തതോടെയാണ് പുരുഷന്റെ ആധിപത്യം തുടങ്ങിയത് എന്നാണ് സാമൂഹിക ശാസ്ത്രം അഭിപ്രായപ്പെടുന്നത്. സമ്പത്തിന്റെ ഉൽപാദനം ഭൂമിയിലുള്ള ദേഹാധ്വാനത്തിൽനിന്നാണെന്നു വന്നതോടെ പുരുഷനു മുൻകൈ ലഭിച്ചിരിക്കണം. സമൂഹം ആ മേലാളിത്തത്തിൽ വളർന്നു. തത്ത്വശാസ്ത്രം, ധർമശാസ്ത്രം, മതപൗരോഹിത്യം– എല്ലാം മേലാളിയായ പുരുഷന്റെ ആധിപത്യത്തിനനുസരിച്ചു രൂപംകൊണ്ടു.

എന്നാൽ ഇന്നുകാലം മാറിയിരിക്കുന്നു. സമ്പത്തിന്റെ ഉൽപാദനത്തിന് കായിക ശക്തിയേക്കാൾ യന്ത്രശക്തിയെ ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു. യന്ത്രശക്തിയുടെ പ്രവർത്തനത്തിന് മാംസപേശിയേക്കാൾ ബുദ്ധിശക്തിയാണാവശ്യം. കന്നുപൂട്ടുന്നതിനു പകരം ട്രാക്ടർ ഉപയോഗിക്കാമെന്നു വന്നതോടെ പുരുഷനോടൊപ്പം സ്ത്രീക്കും കൃഷിയിൽ തുല്യത ലഭിച്ചു. ഫാക്ടറിയിലെ ഉൽപാദനത്തിലും ആപ്പീസിലെ ഫയൽ സംബന്ധമായ ജോലിയിലും ജില്ലാ ഭരണത്തിലും രാഷ്ട്രീയാധികാരം കൈകാര്യം ചെയ്യുന്നതിലും– ഏതു രംഗത്തിലും പുരുഷന് ഒപ്പം നിൽക്കാൻ സ്ത്രീക്കു കഴിയുന്നുണ്ട്. ഡോക്ടർമാർ, അധ്യാപികമാർ, നോബൽ സമ്മാനം

വരെ ലഭിച്ച ശാസ്ത്രഗവേഷകന്മാർ, ബഹിരാകാശ സഞ്ചാരികൾ എന്നിങ്ങനെ ഏതു മണ്ഡലത്തിലും അവസരം ലഭിച്ചാൽ പുരുഷനു തുല്യം പ്രവർത്തിക്കാൻ കഴിയുമെന്നുവന്നു. ശരീരശക്തിയെക്കാൾ ബുദ്ധിശക്തിക്കു മുൻഗണന ലഭിച്ചതോടെയാണ് ഈ മാറ്റം ഉണ്ടായത്. അതോടെ വീട്ടിലും പുറത്തും തനിക്കു തുല്യത അനുവദിച്ചു കിട്ടണം എന്നു സ്ത്രീകൾ ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇത് കേവലം നീതി മാത്രമാണ്. മതഗ്രന്ഥം ഉയർത്തിക്കാട്ടി തടഞ്ഞുനിർത്താവുന്നതല്ല ഈ ആവശ്യം. ഇന്നത്തെ പരിഷ്കൃത സമൂഹം സ്ത്രീ പുരുഷ സമത്വം അംഗീകരിച്ചു കൊടുത്തിരിക്കുന്നു. പുരുഷന്മാർ ചെയ്യുന്ന എല്ലാ ജോലികളും ചെയ്യാൻ സ്ത്രീകൾക്കു സാധ്യമാണോ എന്ന്, ഇന്നും, ബാലിശമായ ചോദ്യം ഉയർന്നുവരുന്നുണ്ട്. ചില പുരുഷന്മാർ ചെയ്യുന്ന ജോലികൾ എല്ലാ പുരുഷന്മാർക്കും ചെയ്യാനാവുമോ എന്നൊരു മറുചോദ്യത്തിന് അവർ എന്ത് ഉത്തരം നൽകും?

സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള ഈ അടിസ്ഥാന ധാരണയിൽനിന്നാണ് ഒരു പുരുഷന് ഒരു പത്നി എന്ന ആശയം ഉയർന്നുവന്നത്.

പുരുഷന് ഒരേസമയം നാലു സ്ത്രീകളെ ഭാര്യമാരാക്കി വെച്ചുകൊണ്ടിരിക്കാമെന്നും അഞ്ചാമതൊന്നിൽ കമ്പം തോന്നിയാൽ നിലവിലുള്ള ഒന്നിനെ പറഞ്ഞുവിടാമെന്നും വരുന്നത് സ്ത്രീ ജീവിതത്തിനു അരക്ഷിതത്വവും കുടുംബ ജീവിതത്തിനു തകർച്ചയും ഉണ്ടാക്കുന്നു. ഇസ്‌ലാമിൽ നിലനിൽക്കുന്ന ഈ നിയമം, ശരീഅത്തിനെ തെറ്റായി വ്യാഖ്യാനിച്ചതിന്റെ ഫലമായാലും ശരിയായി മനസ്സിലാക്കിയതിന്റെ ഫലമായും തുടർന്നു നിലനിർത്തുന്നത് നീതിയുക്തമല്ല. 1500 വർഷം മുമ്പുള്ള അറബികളുടെ സമൂഹത്തെ മുൻനിർത്തി രൂപംകൊണ്ട നിയമമാണിത്. കാലംമാറി, സമൂഹവും മാറി. ഇതിന്റെ ദുരന്തഫലം അറിയുന്നതിന് ഗ്രന്ഥങ്ങളുടെ വ്യാഖ്യാനമല്ല, ചുറ്റുപാടും എന്തു സംഭവിക്കുന്നു എന്നാണ് നോക്കേണ്ടത്. കേരളത്തിലെ ഏതു കോടതിയിലെ വരാന്തയിലും, ആരോഗ്യം നശിച്ച് അരോചകം പിടിച്ച കുട്ടികളുടെ കൈയും പിടിച്ച്, ചിലവിനു കൊടുത്ത അന്യായത്തിന്റെ വിചാരണയും വിധിയും പ്രതീക്ഷിച്ച് അനാഥ പ്രേതങ്ങളായി അലയുന്ന മുസ്‌ലിം സ്ത്രീകളുടെ സ്ഥിതി നോക്കിയാൽമതി ഈ നിയമത്തിന്റെ സാമൂഹികഫലം മനസ്സിലാക്കാൻ. ഇവർക്കെല്ലാം സ്വർഗം വാങ്ങിച്ചുകൊടുക്കാൻ മതഗ്രന്ഥങ്ങളിൽ വകുപ്പുണ്ടായിരിക്കാം. എന്നാൽ ഇവരനുഭവിക്കുന്ന ഭൂമിയിലെ നരകം ഒഴിവാക്കിക്കൊടുക്കാൻ നിയമ ഗ്രന്ഥങ്ങളിൽ വകയുണ്ടായേ പറ്റൂ. മതകാര്യപണ്ഡിതനായ ടി. മുഹമ്മദ് ഈ വിഷയത്തെ വിവരിക്കുന്നത് നോക്കുക: "ബഹുഭാര്യത്വം അധികകാലം വെച്ചുപുലർത്താൻ കഴിയുമെന്നു തോന്നുന്നില്ല. കാരണം, പുരുഷന്മാർ പ്രസ്തുത സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുകയും തദ്വാരാ സ്ത്രീജനത്തെ മർദിക്കുകയും ദുഃഖസാഗരത്തിൽ ആഴ്ത്തുകയും ചെയ്യുന്നു" (*പ്രബോധനം* 1972 ഏപ്രിൽ, ശരീഅത്ത് പതിപ്പ്). ഇതിൽനിന്ന് അവരെ മോചിപ്പിക്കുന്നതിന് എന്തുചെയ്യുന്നു എന്ന കാര്യത്തിൽ അദ്ദേഹത്തിന് തന്റേതായ ഉത്തരമുണ്ടാവാം. എനിക്കുള്ള ഉത്തരം, നിയമംമൂലം ബഹുഭാര്യത്വം തടയുക, സ്ത്രീയെ സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കുന്നതിനു കഴിവുള്ളവരാക്കിത്തീർക്കുക എന്നാണ്. അല്ലാതെ, ശരീഅത്തിനു പുതിയ വ്യാഖ്യാനം കണ്ടുപിടിച്ച്, അതിനു പ്രചാരണം നൽകി, ഈ നിലക്കു മാറ്റം വരുത്താമെന്നു കരുതുന്നതു മൗഢ്യമാണ്. നിയമത്തിന്റെ നേരായ മാർഗം തുറന്നു കിടക്കുമ്പോൾ വളഞ്ഞുതിരിഞ്ഞു ഇടവഴിയിൽ സഞ്ചരിക്കുന്നതെന്തിനാണ്?

സ്വത്തവകാശ കാര്യമാണ് മറ്റൊന്ന്. സോഷ്യലിസത്തിൽ വിശ്വസിക്കുന്നുവെന്നു ആണയിടാത്തവർ ചുരുങ്ങും. ഇസ്‌ലാമിക സോഷ്യലിസം, ആധ്യാത്മിക സോഷ്യലിസം, ഗാന്ധിയൻ സോഷ്യലിസം, നാഷ്നൽ സോഷ്യലിസം, ശാസ്ത്രീയ സോഷ്യലിസം എന്നിങ്ങനെ പല പദങ്ങളെക്കൊണ്ടും അതു വിശേഷിപ്പിക്കുന്നു. രാജ്യത്തിന്റെ സമ്പത്തിന് എല്ലാവർക്കും തുല്യാവകാശമാണ് എന്നാണല്ലോ സോഷ്യലിസ്റ്റ് സങ്കൽപത്തിന്റെ ആന്തര തത്വം. ഈ തത്വം അംഗീകരിക്കുന്നവർ കുടുംബത്തിലെ സ്വത്തിന് എല്ലാവരും തുല്യാവകാശികളാണ് എന്ന തത്വത്തെ എങ്ങനെയാണ് നിരാകരിക്കുക. അഛന്റെ സ്വത്തിൽ മക്കൾക്ക് തുല്യാവകാശം ഉണ്ടാവണം എന്ന വാദം നിഷേധിച്ചുകൊണ്ട് ഇസ്‌ലാമിക സോഷ്യലിസത്തെക്കുറിച്ചു വാദിക്കുന്നതെങ്ങനെ? ഇസ്‌ലാമിക സോഷ്യലിസത്തിൽ സ്ത്രീക്കു പുരുഷന്റെ പകുതിയേ സമ്പത്ത് വേണ്ടൂ എന്നാണോ? അങ്ങനെയാണെങ്കിൽ ആ സാമ്പത്തിക ശാസ്ത്രത്തിൽനിന്നു സോഷ്യലിസം എന്ന പദം വെട്ടിക്കളയുകയാണ് നീതി. പിതാവിന്റെ സ്വത്തിൽ പുരുഷനു കിട്ടുന്നതിന്റെ പകുതിയേ സ്ത്രീക്കധികാരമുള്ളൂ എന്ന വ്യവസ്ഥ, സ്ത്രീക്ക് ഒന്നിനും അധികാരമില്ല എന്ന കാലത്തേക്കാൾ പുരോഗമനപരം തന്നെ. എന്നാൽ ഇന്നത്തെക്കാലത്ത് കടുത്ത അനീതിയും പുരുഷമേധാവിത്വത്തിന്റെ മറ്റൊരു ഉദാഹരണവുമാണ്.

പുരുഷനാണ് കുടുംബ ഭാരമെന്നും അതുകൊണ്ട് സ്ത്രീക്ക് പകുതി സ്വത്തു കൊടുത്താൽ മതിയെന്നും ഒരു വാദം ഉന്നയിച്ചു കേട്ടിട്ടുണ്ട്. നിൽക്കക്കള്ളിക്കു വേണ്ടിയുള്ള വാദം എന്നേ ഇതിനെ പറഞ്ഞുകൂടൂ. സ്വന്തം അനുജത്തിയുടെ സ്വത്തിൽ പകുതി കിട്ടിയിട്ട് വേണം പുരുഷനായ ജ്യേഷ്ഠന് സ്വന്തം ഭാര്യമാരെയും മക്കളെയും പോറ്റാൻ എന്നാണല്ലോ ഇപ്പറയുന്നതിന് അർഥം. ഇതിനെ ദൈവനീതി എന്ന് വിളിക്കുന്നതെങ്ങനെയാണ്. പിതാവിന്റെ സ്വത്തിൽ തനിക്കുള്ള അതേ ഓഹരി അനുജത്തിക്കും നൽകുകയും ഭാര്യക്ക് അവളുടെ പിതാവിന്റെ സ്വത്തിൽനിന്ന് പുരുഷനു തുല്യമായ പങ്ക് ചോദിച്ചു വാങ്ങുകയും ആണ് നീതിയും ന്യായവും. ഒരു മുസ്‌ലിം സഹോദരനും സഹോദരിയും ജോലി ചെയ്യുന്ന വിദ്യാലയത്തിൽനിന്ന്, സ്ത്രീക്ക് കുടുംബ ബാധ്യത ഇല്ല എന്നു പറഞ്ഞ്, സഹോദരനു കൊടുക്കുന്ന ശമ്പളത്തിന്റെ പകുതി മാത്രം സഹോദരിക്കു കൊടുത്താൽ മതിയോ? അഛന്റെ സ്വത്ത് പങ്കിടുമ്പോൾ പറയുന്ന മാനദണ്ഡം സമൂഹത്തിന്റെ സ്വത്തു പങ്കിടുമ്പോൾ അസ്വീകാര്യമായിത്തീരുന്നത് എങ്ങനെ?! പിതാവിനു സന്തതികൾ ഒരുപോലെയാണ്. ഇതാണ് നീതിബോധം ആവശ്യപ്പെടുന്നത്. മുസ്‌ലിം സ്ത്രീ അനുഭവിക്കുന്ന എണ്ണമറ്റ ദുരന്തത്തിന്റെ മറ്റൊരു ഉറവിടം സ്വത്തു സംബന്ധമായ ഈ വിവേചനമാണ്. സ്ത്രീക്ക് കുടുംബത്തിലും സമൂഹത്തിലും തുല്യത കിട്ടണം. പാശ്ചാത്യ നാടുകളിൽ പോലും ഇന്ന് ഇത് പൂർണമായി സ്ഥാപിതമായിക്കഴിഞ്ഞു എന്നർഥമില്ല. എന്നാൽ ആ ലക്ഷ്യത്തിലേക്കാണ് ലോകത്തിന്റെ ഗതി. മുസ്‌ലിം സ്ത്രീകളെമാത്രം ഇതിൽനിന്ന് തടഞ്ഞുനിർത്താനാവില്ല.

മുമ്പ് സൂചിപ്പിച്ച *പ്രബോധനം* ലേഖനത്തിൽ ടി. മുഹമ്മദ് ഉന്നയിക്കുന്ന, ദായക്രമത്തിലെ മറ്റൊരു പ്രശ്നമുണ്ട്. "മുസ്‌ലിം വ്യക്തിനിയമത്തിൽ പിതാമഹന്റെയോ പിതാമഹിയുടെയോ പിന്തുടർച്ചാവകാശം പൗത്ര ജനത്തിനു ലഭ്യമാകണമെങ്കിൽ പരേതന്നു പുത്രനില്ലാതിരിക്കണം.... ഈ നിയമംകൊണ്ട് വന്നുകൂടുന്ന ഗുരുതരമായ പ്രത്യാഘാതം കാണുക; ഒരേ ഗൃഹത്തിൽ ഒരു പിതാമഹന്റെ രണ്ടുവഴിക്കുള്ള തലമുറകളിൽ ഒരു വിഭാഗം കോടീശ്വരന്മാരായി ഉയരുമ്പോൾ മറ്റേ വിഭാഗം ദരിദ്ര നാരായണന്മാരായി അധഃപതിക്കുന്നു. പിതാമഹൻ മരിക്കുന്നതിന് മുമ്പ് സ്വപിതാവ് മരിച്ചുവെന്ന കുറ്റം ആ നിർഭാഗ്യ തലമുറ ചെയ്തതല്ല, അതിന്റെ പേരിൽ അവരെ ശിക്ഷിക്കുന്നതു നീതിയല്ല." നബിവചനത്തെ മുൻനിർത്തി

യാണ് ഈ നീതിരഹിതമായ ദായക്രമം നടപ്പിലായതെങ്കിൽ, നബിവചനത്തെ രക്ഷിക്കുകയോ നീതി പുലർത്തുകയോ വേണ്ടത്? ഈ നീതികേടിനെ തിരുത്തുന്നതിന്നു വസ്സീഅത്ത് (മരണശാസനം) എഴുതുക എന്നത് ബാധ്യതയാക്കുക എന്നാണ് ലേഖകൻ കാണുന്ന പ്രതിവിധി.

പ്രസ്തുത ലേഖനത്തിലെ ഈ നിരീക്ഷണം ഒട്ടേറെ ചോദ്യങ്ങൾക്കു വഴി നൽകുന്നു. ഒരേ പിതാമഹന്റെ രണ്ടു വഴിക്കുള്ള തലമുറകളിൽ ഇത്രവലിയ അന്തരം വരുന്നത് ശരീഅത്തിന്റെ സൃഷ്ടികർത്താവ് കണ്ടില്ലെന്നോ? സകാത്ത് ഉൾപ്പെടെയുള്ള ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിന് ഈ അനീതിയെ ഇല്ലാതാക്കാൻ കഴിവില്ലെന്നോ? ഈ ദായക്രമം നീതിയല്ല എന്നു തോന്നുന്നത് നബിവചനവുമായി ഇത് പൊരുത്തപ്പെടുന്നില്ല എന്നതുകൊണ്ടോ, കേവലനീതിയെക്കുറിച്ചുള്ള സങ്കൽപവുമായി പൊരുത്തപ്പെടുന്നില്ല എന്നതുകൊണ്ടോ? ഈ അനീതിയെ പരിഹരിക്കാൻ മരണപത്രമെഴുതാനുപദേശിക്കുന്നത് പഴുതടഞ്ഞ പ്രതിവിധി ആകുമോ? മരണപത്രം ചിലർക്ക് എഴുതാൻ കഴിഞ്ഞില്ലെന്നും പെട്ടെന്ന് മരണം സംഭവിച്ചു എന്നും വരില്ലേ? മരണപത്രത്തിന്റെ സാധുതയെക്കുറിച്ചുള്ള വ്യവഹാരപരമ്പര പിന്നീട് ആരംഭിക്കില്ലേ? പിൻതുടർച്ചാവകാശത്തെക്കുറിച്ച് ഒരു സിവിൽ നിയമനിർമാണത്തിലൂടെ ഈ അനീതി പരിഹരിക്കാമെന്നിരിക്കെ എന്തുകൊണ്ട് ആ വഴിക്കു ചിന്തിച്ചുകൂടാ?

മറ്റൊരു പ്രശ്നവും ഞങ്ങളെപ്പോലുള്ളവരുടെ മനസ്സിൽ ഉയർന്നുവരുന്നു. ലേഖകൻ പറഞ്ഞപോലെ, ഒരേ മുത്തച്ഛന്റെ രണ്ടു മക്കളുടെ ശാഖകളിൽ ഒരു വിഭാഗം കോടീശ്വരന്മാരായി ഉയരുകയും മറ്റേ വിഭാഗം ദരിദ്രനാരായണന്മാരായി താഴുകയും ചെയ്തത് ഈശ്വരവിധിയല്ല, നിയമത്തിന്റെ കളിയാണ് എന്നു വ്യക്തമാണല്ലോ. നിയമം മാറ്റിക്കൊണ്ട് ഈ അന്തരത്തെ സമീകരിക്കുന്നതിനു കഴിയുകയും ചെയ്യും. ഈ കോടീശ്വരന്റെ അനാഥക്കുട്ടികളായ പേരക്കിടാങ്ങളോട് തോന്നുന്ന അലിവ്, ആ കുടുംബത്തിനു പുറത്തുള്ള അനാഥക്കുട്ടികളോടും തോന്നേണ്ടതല്ലേ? ഇപ്പറഞ്ഞ കോടീശ്വരനെപ്പോലെ അനേകം കോടീശ്വരന്മാർ നമ്മുടെ സമൂഹത്തിലില്ലേ? നിയമം മാറ്റിയാൽ ഈ സ്ഥിതിയും മാറില്ലേ? നാമെല്ലാം ഒരേ പിതാവിന്റെ മക്കളാണ് എന്നാണല്ലോ ഈശ്വരവിശ്വാസികൾ പറയുന്നത്? കോടീശ്വരനെയും ഇരപ്പാളികളെയും ഉണ്ടാക്കുന്ന ഇന്നത്തെ നീതിരഹിതമായ നിയമം മാറ്റണമെന്ന് ശരീഅത്തിന്റെ പേരിൽ എന്തുകൊണ്ട് വാദിച്ചുകൂടാ.

ശരീഅത്തല്ല നീതിയാണ് പ്രശ്നം. നീതി പുലരാൻ ശരീഅത്ത് സഹായിക്കുമെങ്കിൽ നല്ലത്, ഇല്ലെങ്കിൽ പുരോഗതിയുടെ വഴിയിൽനിന്ന് നീതിയല്ല ശരീഅത്താണ് മാറി നിൽക്കേണ്ടത്. ഈ സമീപനത്തെ അടിസ്ഥാനമായി സ്വീകരിച്ചാൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളൊന്നും ഇല്ല. ■